കുറ്റൂർ ഗ്രാമപഞ്ചായത്ത്



പതിനാലാം പഞ്ചവത്സര പദ്ധതി

2026-2027

അന്തിമപദ്ധതി രേഖ

ആമുഖം

ജനപങ്കാളിത്തത്തോടെയുള്ള ആസൂത്രണ പ്രക്രിയ ആരംഭിച്ചിട്ട് രണ്ടര പതിറ്റാണ്ട് പിന്നിട്ടിരിക്കുന്നു. ഭരണഘടനാ സ്ഥാപനമായ ഗ്രാമസഭകളിൽ നിന്നുയർന്നു വരുന്ന നിർദ്ദേശങ്ങൾ തന്നെയാണ് ഗ്രാമപഞ്ചായത്തിന്റെ വാർഷിക പദ്ധതിയുടെ അടിസ്ഥാനശില. കുറ്റൂർ ഗ്രാമപഞ്ചായത്തിലെ ജനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ നിറവേറ്റുന്നതിനുള്ള പദ്ധതികൾക്കൊപ്പം നാടിന്റെ സമഗ്രവും സമ്പൂർണവുമായ വികസനത്തിന് സഹായകമായ പദ്ധതികൾ മുൻവർഷങ്ങളിൽ നടപ്പിലാക്കുകയും നടപ്പ് സാമ്പത്തിക വർഷം നടപ്പിലാക്കി വരുന്നതുമാണ്. പതിനാലാം പഞ്ചവത്സര പദ്ധതിയുടെ രണ്ടാംവാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നാം ആരംഭിച്ച കഴിഞ്ഞു. സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ പ്രാദേശികവത്ക്കരണം ലക്ഷ്യമിട്ടുകൊണ്ട്, 2026-2027 വാർഷിക പദ്ധതിയിൽ തരിശുരഹിത പഞ്ചായത്ത്, മാലിന്യമുക്തഗ്രാമം എന്നീ ലക്ഷ്യങ്ങൾ നേടുന്നതിനോടൊപ്പം കാർഷിക ഉല്പന്നങ്ങൾ, പച്ചക്കറി, പാൽ, മുട്ട,മാംസം എന്നവയുടെ ഉല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുക, സമഗ്രമായ തൊഴിൽ സൃഷ്ടി, എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തിയുള്ള പദ്ധതികൾ കൈവരിക്കുക, സമഗ്രമായ തൊഴിൽ സൃഷ്ടി, എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തിയുള്ള പദ്ധതികൾ ഉൽപ്പാദനമേഖലയിൽ വിഭാവനം ചെയ്യുമ്പോൾ ജനങ്ങളുടെ അടിസ്ഥാന ആവശ്യങ്ങളായ പാർപ്പിടം കുടിവെള്ളം എന്നിവയ്ക്കും കുട്ടികളുടെയും സ്ത്രീകളുടെയും വയോജനങ്ങളുടെയും പട്ടികജാതി പട്ടികവർഗ്ഗജനവിഭാഗങ്ങളുടെയും ക്ഷേമം മുൻനിർത്തിയുള്ള പദ്ധതികൾക്കും അതിദാരിദ്ര്യം നിർമ്മാർജ്ജനം ലക്ഷ്യമിട്ടുള്ള പദ്ധതികൾക്കും മാലിന്യ നിർമ്മാർജ്ജനയജ്ഞത്തിനും സേവന പ്രദാനസംവിധാനത്തിന്റെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനായി ഇഗവേണൻസ് വ്യാപകമാക്കുന്നതിനുള്ള പദ്ധതികൾക്കും സേവന മേഖലയിൽ മുൻതൂക്കം നൽകുന്നു.

പശ്ചാത്തല മേഖലയിൽ പ്രധാനമായും റോഡുകളുടെ സംരക്ഷണത്തിനും തെരുവ് വിളക്കുകളുടെ പരിപാലനത്തിനും പ്രാധാന്യം നൽകുന്നു. 2026-27 സാമ്പത്തിക വർഷത്തിൽ ലഭ്യമാക്കുന്ന ഫണ്ടിന്റെ പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് വിവിധ വർക്കിംഗ് ഗ്രൂപ്പുകൾ തയ്യാറാക്കിയിട്ടുള്ള പദ്ധതി നിർദ്ദേശങ്ങൾ ഗ്രാമപഞ്ചായത്ത് സമിതി ചർച്ചചെയ്ത്, ഗ്രാമസഭകളുടെ ചർച്ചകൾക്ക് വിധേയമായി മുൻഗണനകൾ പരിഗണിച്ച് കരട് പ്രോജക്ട് നിർദ്ദേശങ്ങൾ തയ്യാറാക്കി വികസന സെമിനാർ മുമ്പാകെ ചർച്ചകൾക്കും അംഗീകാരത്തിനുമായി സമർപ്പിക്കുന്നു.

സ്നേഹപൂർവ്വം,

പ്രസന്ന സതീഷ്
(പ്രസിഡന്റ്)

പവിത്രൻ
(സെക്രട്ടറി)

കുറ്റൂർ
28.02.2026

പഞ്ചായത്ത് പൊതുവിവരം

പേര്	-	കുറ്റൂർ ഗ്രാമപഞ്ചായത്ത്
ഉൾപ്പെടുന്ന വില്ലേജ്	-	കുറ്റൂർ
ബ്ലോക്ക് പഞ്ചായത്ത്	-	പുളിക്കീഴ്
താലൂക്ക്	-	തിരുവല്ല
ജില്ല	-	പത്തനംതിട്ട
അസംബ്ലി മണ്ഡലം	-	തിരുവല്ല
ലോകസഭാ മണ്ഡലം	-	പത്തനംതിട്ട
വിസ്തൃതി	-	12.16 ച.കി.മി
അതിരുകൾ		
കിഴക്ക്	-	ഇരവിപേരൂർ ഗ്രാമപഞ്ചായത്ത്
പടിഞ്ഞാറ്	-	കദളിമംഗലം ആറ്
വടക്ക്	-	മണിമലയാറും കദളിമംഗലം ആറിന്റെ ഭാഗവും
തെക്ക്	-	വരട്ടാർ
ജനസംഖ്യ	-	19600
പുരുഷൻമാർ	-	9220
സ്ത്രീകൾ	-	1038

ഗ്രാമപഞ്ചായത്ത് ഭരണസമിതി

ശ്രീമതി പ്രസന്ന സതീഷ്	-	പ്രസിഡന്റ്
ശ്രീ. ഗോപകുമാർ.എം.ആർ	-	വൈസ് പ്രസിഡന്റ്
ശ്രീമതി അനുപമ റ്റി. എം.	-	വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ
ശ്രീ. രാജീവ് ആർ	-	ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ
ശ്രീമതി അജിത എസ്സ്.	-	ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ
ശ്രീ. അഭിലാഷ് തോമസ്	-	ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി അംഗം, മെമ്പർ വാർഡ്-1
ശ്രീമതി ദീപ ആർ. നായർ	-	ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗം, മെമ്പർ വാർഡ് - 3
ശ്രീ. റെജി തോമസ്	-	ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗം, മെമ്പർ വാർഡ് -5
ശ്രീ. ജോൺ പി. ജോൺ	-	വികസന സ്റ്റാന്റിംഗ് കമ്മിറ്റി അംഗം, മെമ്പർ വാർഡ് -7
ശ്രീ. രവി	-	മെമ്പർ വാർഡ് -4
ശ്രീമതി പുഷ്പ	-	വികസന സ്റ്റാന്റിംഗ് കമ്മിറ്റി അംഗം, മെമ്പർ വാർഡ് -9
ശ്രീ. പി.പി. ഏലിയാസ്	-	ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗം, മെമ്പർ വാർഡ് -10
ശ്രീമതി ശോശാമ്മ കുരുവിള	-	ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി അംഗം, മെമ്പർ വാർഡ്-11
ശ്രീമതി രാധിക ഉത്തമൻ	-	വികസന സ്റ്റാന്റിംഗ് കമ്മിറ്റി അംഗം, മെമ്പർ വാർഡ് -12
ശ്രീമതി രാജലക്ഷ്മി റ്റി.എം.	-	ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗം, മെമ്പർ വാർഡ് -13

അദ്ധ്യായം -1
തദ്ദേശ ഭരണ സ്ഥാപനത്തിന്റെ വികസന സ്ഥിതി അവസ്ഥ

പത്തനംതിട്ട ജില്ലയുടെ പടിഞ്ഞാറ് ഭാഗത്തായി സ്ഥിതി ചെയ്യുന്ന ഈ ഗ്രാമപഞ്ചായത്തിന്റെ അതിരുകൾ ആലപ്പുഴ ജില്ലയുമായും തിരുവല്ല മുനിസിപ്പാലിറ്റിയുമായും ബന്ധപ്പെട്ട് കിടക്കുന്നു. അപ്പർകുട്ടനാടിന്റെ ഭാഗമായി നമ്മുടെ ഗ്രാമപഞ്ചായത്തിന്റെ കാർഷിക പ്രശ്നങ്ങൾ കുട്ടനാടിന് തുല്യമാണ്. എന്നാൽ കുട്ടനാട്ടിന് ലഭിക്കുന്ന കാർഷിക പരിഗണന നമുക്ക് ലഭിക്കുന്നില്ല. കഴിഞ്ഞ പദ്ധതിയിൽ കാർഷി മേഖലയിൽ മെച്ചമുണ്ടാക്കാൻ കഴിയുന്ന പദ്ധതികൾക്ക് രൂപം നൽകാൻ കഴിഞ്ഞു. 2008/09 വരെ ആകെ കൃഷി സ്ഥലത്തിന്റെ പത്ത് ശതമാനത്തിൽ മാത്രമായിരുന്നു നെൽകൃഷി ഉണ്ടായിരുന്നത്. എന്നാൽ ഇന്ന് സ്ഥിതി മാറി. നെൽകൃഷിക്ക് മുൻതൂക്കം നൽകുന്ന പദ്ധതികൾ ഈ വർഷവും ആവിഷ്ക്കരിക്കേണ്ടതുണ്ട്. കാർഷിക മേഖലയിൽ നിലവിലുണ്ടായിരുന്ന അപചയം മാറികിട്ടുന്നതോടെ ഈ പദ്ധതി കാലയളവിലും ഉത്പാദന മേഖലയുടെ സിംഹഭാഗവും നെൽകൃഷിക്ക് ലഭ്യമാക്കേണ്ടതുണ്ട്. നവകേരള മിഷന്റെ ഹരിത കേരളം പദ്ധതിയുമായി ബന്ധപ്പെടുത്തിയാണ് കാർഷിക മേഖലയിൽ പദ്ധതികൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്.

പൊതു വിദ്യാഭ്യാസ പ്രശ്നങ്ങൾ സങ്കീർണ്ണമാവുകയും വിദ്യാഭ്യാസ മേഖലയേയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളേയും വിവാദ മേഖലയാക്കുന്നതിനുള്ള തന്ത്രങ്ങൾക്കിടയിലും വിദ്യാഭ്യാസ കലാസാംസ്കാരിക മേഖലകളിൽ ശ്രദ്ധേയമായ മുന്നേറ്റങ്ങൾ നടത്തുവാൻ കഴിഞ്ഞിട്ടുണ്ട്.

കഴിഞ്ഞ പദ്ധതി കാലയളവിൽ ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവരുടേയും വൃദ്ധർ, അഗതികൾ, എന്നിവരുടെ ജീവിത നിലവാരം ഒരു പരിധിവരെ ഉയർത്തുന്നതിനും സാധിച്ചിട്ടുണ്ട്. പാലിയേറ്റീവ് കെയർ, സ്കൂൾ വിദ്യാർത്ഥികളായ ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ്, അഗതി, വൃദ്ധർ, നിരാലംബർ തുടങ്ങിയവരുടെ ഉന്നമനത്തിനുള്ള പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. പൊതുവേ ഉന്നത നിലവാരമുണ്ടായിട്ടുണ്ടെന്ന് മേനി നടിക്കുന്ന ശരാശരി മലയാളിയുടെ സമൂഹത്തിൽസ്ത്രീകളും കുട്ടികളും ഗാർഹികമായും പൊതുസ്ഥലങ്ങളിലും നേരിടുന്ന വെല്ലുവിളി ചെറുതല്ല. സ്ത്രീകളുടേയും കുട്ടികളുടേയും സാമൂഹിക ആരോഗ്യസ്ഥിതി മെച്ചപ്പെടുത്തുക കുട്ടികളുടെ രോഗ സാധ്യത കുറയ്ക്കുക, കൗമാരക്കാരായ പെൺകുട്ടികളുടെ പോഷകനിലവാരം ഉയർത്തുക, സ്ത്രീ ശാക്തീകരണം വിപുലീകരിക്കുക, തുടങ്ങിയ മേഖലകളെ മുൻനിർത്തിയുള്ള പ്രോജക്ടുകൾ അത്യന്താപേക്ഷിതമാണ്. ശിശുക്കളുടേയും കുട്ടികളുടേയും പോഷണ നിലവാരം ഉയർത്തുക എന്നത് അനുപേക്ഷണീയമാണ്.

ഭൂരഹിതരുടേയും ഭവന രഹിതരുടേയും ഒരു വിലയ നിര നമുക്ക് മുന്നിലുണ്ട്. ഈ പ്രശ്നം ഗ്രാമപഞ്ചായത്തിന് മാത്രമായി പരിഹരിക്കാൻ കഴിയില്ല. ത്രിതല സംവിധാനത്തിന്റെ ഏകോപനം ഇക്കാര്യത്തിൽഅനിവാര്യമാണ്. കേരള സർക്കാർ നടപ്പാക്കുന്ന ലൈഫ് പാർപ്പിടപദ്ധതി പ്രകാരം ഗുണഭോക്താക്കൾക്ക് തുക നൽകി.

കുടുംബശ്രീ മുഖേന സ്ത്രീ ശാക്തീകരണവും സ്ത്രീകളുടെ സ്വയംപര്യാപ്തതയും ഒരു പരിധിവരെ നേടാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്.

ആശ്രയ പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾ, ജാഗ്രത സമിതി പ്രവർത്തനങ്ങൾ തുടങ്ങിയവ കാര്യക്ഷമമാക്കേണ്ടതുണ്ട്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് നീർത്തടാധിഷ്ടിത പദ്ധതി ആവിഷ്ക്കരിച്ചതോടെ ആ മേഖലയിലെ തൊഴിൽ സാധ്യതയും ഉത്പാദനക്ഷമതയും വർദ്ധിച്ചിട്ടുണ്ട്.

സംസ്ഥാനാവിഷ്കൃത ഫണ്ടുമായി സംയോജിപ്പിച്ച് 200 ലധികം ക്ഷീരകർഷകർക്ക് കന്നുകുട്ടിപരിപാലനത്തിനും കാലിത്തീറ്റയ്ക്കും തൊഴുത്ത് സംരക്ഷണത്തിനും ആവശ്യമായ പിന്തുണ നൽകി.

ആരോഗ്യമേഖലയിൽ പാലിയേറ്റീവ് കെയർ പദ്ധതി നടപ്പിലാക്കാനായത് വലിയ ഒരു സാന്ത്വന സ്പർശമാക്കാൻ കഴിഞ്ഞു. ഈ പദ്ധതിയുടെ ഗുണഫലങ്ങൾ ഏറ്റവും ആതുരമായ വിഭാഗത്തിന് വേണ്ടി ആണെന്നതിനാൽ ഇ ൗ പദ്ധതി തുടർന്നും നടപ്പാക്കേണ്ടിയിരിക്കുന്നു. കോവിഡ് രോഗബാധയുടെ പരിണിത ഫലങ്ങൾ അനുഭവിക്കുന്നവർക്ക് സാന്ത്വനമായി ആയുർവേദ ഔഷധങ്ങൾ നൽകുന്ന പദ്ധതി നടപ്പാക്കി .

സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി തരിശുനിലങ്ങൾ കണ്ടെത്തി കൃഷി ആരംഭിച്ചു. മത്സ്യകൃഷി നടത്തുന്നതിനുള്ള പദ്ധതി രൂപീകരിച്ചു. ആയതിന് ഗുണഭോക്താക്കൾക്ക് സബ്സിഡി തുക നൽകി.

ഓഫീസ് പ്രവർത്തനങ്ങൾ കൂടുതൽ ജനോപകാരപ്രദമാക്കുന്നതിനായി പൂർണ്ണമായി കംപ്യൂട്ടർ വൽക്കരിക്കുകയും ഈ ഗവേണൻസ് പ്രക്രിയയിൽ ഒരു പടികൂടി മുന്നേറുവാനും കഴിഞ്ഞു. ഫ്രണ്ട്ഓഫീസ് പൂർണ്ണമായും സാംഖ്യ, സൂചിക, സോഫ്റ്റ് വെയറാൽ ബന്ധിതമാക്കുകയും വ്യവഹാരങ്ങൾ സുതാര്യമാക്കുകയും ചെയ്തു. ജനനമരണ വിവാഹ രജിസ്ട്രേഷനുകൾ ഇപ്പോൾ ഗോളാന്തരമായി വിരൽതുമ്പിൽ ലഭ്യമാണ്. Its just a click away! .

അദ്ധ്യായം -3

പ്രശ്ന വിശകലനവും, പ്രശ്ന പരിഹാര സാധ്യതയും

പന്ത്രണ്ടാം പഞ്ചവത്സരകാലയളവ് വരെയുള്ള പ്രവർത്തനങ്ങളുടെ നേട്ടങ്ങളും പോരായ്മകളും പരിഹരിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനുമാണ് നാം ലക്ഷ്യമിടുന്നത്. പ്രളയം തകർത്തെറിഞ്ഞ പഞ്ചായത്തിന്റെ പുനരുദ്ധാരണവും തുടർ പ്രവർത്തനങ്ങളുടെ വിജയത്തിനുമായി നാം ഓരോ മേഖലയിലും നേരിടുന്ന പ്രശ്നങ്ങളും അവ പരിഹരിക്കുന്നതിനുള്ള മാർഗ്ഗങ്ങളും വിലയിരുത്തേണ്ടതുണ്ട്.

കാർഷിക മേഖല അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നം നൂതന സാങ്കേതിക വിദ്യയിൽ കർഷകർക്കുള്ള അജ്ഞതയും പ്രളയാനന്തര ജൈവസാമ്പത്തികശോഷണ വുമാണ്. ആയതിലേക്ക് ഈ മേഖലയിലെ പ്രഗത്ഭരെ ഉൾപ്പെടുത്തി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ച് കാർഷിക മേഖലയെ സമ്പുഷ്ടമാക്കുക എന്നതാണ്.

ദാരിദ്ര്യലഘൂകരണം എന്ന മേഖല സവിശേഷ ശ്രദ്ധ അർഹിക്കുന്നു. ആഹാരം, വസ്ത്രം, പാർപ്പിടം എന്നിവയിൽ ലൈഫ് പദ്ധതി പ്രകാരം പാർപ്പിടമേഖലയിലെ അരക്ഷിതാവസ്ഥ ഒരു പരിധിവരെ പരിഹരിക്കാൻകഴിയുമെന്നാണ് ലക്ഷ്യമിടുന്നത്.

ആരോഗ്യമേഖലയിൽ നാം സുപ്രധാനനേട്ടങ്ങൾ കൈവരിച്ച് കഴിഞ്ഞിട്ടുണ്ട്. നിലവിലുള്ള പ്രാഥമികാരോഗ്യ കേന്ദ്രത്തെ ആർദ്രം പദ്ധതിയുടെ ഭാഗമായി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായി ഉയർത്തുന്നതിനും മെച്ചപ്പട്ട സേവനം ഉറപ്പ് വരുത്തുന്നതിനും നാം പദ്ധതി രൂപീകരിച്ചിട്ടുണ്ട്. സാംക്രമിക രോഗ പ്രതിരോധപ്രവർത്തനങ്ങൾ വിജയകരമായി നടപ്പിലാക്കാനായി എന്നത് ചെറിയ നേട്ടമല്ല.

ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് സ്വന്തമായി വരുമാനമുണ്ടാക്കാനുള്ള പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കേണ്ടതുണ്ട്. അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൈപിടിച്ച് ഉയർത്തുന്നതിനും പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനും പദ്ധതികൾ ഉണ്ടാവേണ്ടിയിരിക്കുന്നു.

അദ്ധ്യായം -4

വികസന കാഴ്ചപ്പാട്, ലക്ഷ്യങ്ങൾ, തന്ത്രം

കൃഷിയും അനുബന്ധമേഖലയും	
വികസനകാഴ്ചപ്പാട്	1. തരിശു നിലങ്ങളെ കൃഷിയോഗ്യമാക്കുക 2. കാർഷികോത്പാദനം വർദ്ധിപ്പിക്കുക 3. നെൽകൃഷി വികസനം
വികസന തന്ത്രം	1. തരിശു പ്രദേശങ്ങൾ കണ്ടെത്തി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയെ കാർഷിക മേഖലയുമായി കോർത്തിണക്കിടി പ്രദേശങ്ങൾ കൃഷിക്ക് സജ്ജമാക്കുക 2. കാർഷിക മേളകൾ സംഘടിപ്പിക്കുക 3. വിളവർദ്ധനവ് ഉറപ്പ് വരുത്തുക

പശ്ചാത്തലം	
വികസനകാഴ്ചപ്പാട്	1. പഞ്ചായത്ത് തലത്തിലുള്ള റോഡുകളുടെ നിലവാരം ഉയർത്തുക 2. സോളാർ പദ്ധതി പ്രോത്സാഹിപ്പിക്കുക 3. അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിച്ച് നൽകുക 4. ഓഫീസ് കെട്ടിടം നവീകരിക്കുക
വികസന തന്ത്രം	1. സോഷ്യൽ ഓഡിറ്റിംഗ് ശക്തമാക്കുക 2. വിഭവ സ്രോതസ്സുകൾ പരമാവധി കണ്ടെത്തുക

ദാരിദ്ര്യലഘൂകരണം	
വികസനകാഴ്ചപ്പാട്	1. പാർപ്പിട സൗകര്യങ്ങൾ മെച്ചപ്പെടുത്തുക 2. സ്വയംതൊഴിൽ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുക
വികസന തന്ത്രം	1. ലൈഫ് പദ്ധതി വിജയകരമായി പൂർത്തീകരിക്കുക 2. കുടുംബശ്രീ യൂണിറ്റുകൾ കാര്യക്ഷമമാക്കുക

സാമൂഹ്യക്ഷേമം	
വികസനകാഴ്ചപ്പാട്	1. വൃദ്ധർ, വികലാംഗർ എന്നിവരുടെ ക്ഷേമം 2. സ്ത്രീ സുരക്ഷ
വികസന തന്ത്രം	1. അനാഥ വാർദ്ധക്യങ്ങളുടെ പുനരധിവാസം 2. ഭിന്നശേഷിക്കാർക്ക് സ്വയംതൊഴിൽ സംരഭങ്ങൾ 3. ജാഗ്രതാ സമിതികളുടെ പുനസംഘാടനം

പട്ടികജാതി വികസനം	
വികസനകാഴ്ചപ്പാട്	1. കോളനികളിൽ സമ്പൂർണ്ണ കുടിവെള്ള പദ്ധതി 2. പശ്ചാത്തല സൗകര്യം വികസനം 3. സൗരോർജ്ജ ലൈറ്റുകൾ 4. ശ്മശാനം പൂർത്തീകരിക്കുക

ആരോഗ്യം	
വികസനകാഴ്ചപ്പാട്	1. പി.എച്ച്. സി. യെ സി. എച്ച്. സി.ആയി ഉയർത്തൽ 2. ഐ. പി. സൗകര്യം 3. ആർദ്രം പദ്ധതി
വികസന തന്ത്രം	1. നിലവിലുള്ള കെട്ടിടത്തിന്റെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുക 2. കൂടുത ആരോഗ്യമേഖലാ ജീവനക്കാർക്കായി സർക്കാരിൽ സമ്മർദ്ദം ചെലുത്തുക. 3. പകർച്ചവ്യാധി നിയന്ത്രണം

സ്ത്രീകളുടെയും കുട്ടികളുടെയും വികസനം	
വികസനകാഴ്ചപ്പാട്	1. സ്ത്രീ ശാക്തീകരണം 2. അംഗൻവാടി അടിസ്ഥാന സൗകര്യ വികസനം 3. പെൺകുട്ടികൾക്ക് സ്വയംരക്ഷാ പരിശീലനം

അദ്ധ്യായം 5

1. വിഭവസ്രോതസ്സുകളും വകയിരുത്തലുകളും

സംസ്ഥാനസർക്കാരിൽ നിന്നുള്ള പദ്ധതിവിഹിതം, പതിനാലാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്, മെയിന്റനൻസ് ഫണ്ട് എന്നിവ കൂടാതെ വിവിധ പദ്ധതികൾക്കായി ലഭ്യമാകുന്ന സംസ്ഥാന കേന്ദ്രാവിഷ്കൃതഫണ്ടുകൾ, മറ്റ് തദ്ദേശഭരണസ്ഥാപനങ്ങളായ ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകളിൽനിന്ന് സംയുക്തപ്രോജക്ടുകൾക്കായുള്ള പ്രധാന വിഭവസ്രോതസ്സുകൾ തനത്ഫണ്ട് വികസനപ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാൻ കഴിയുന്നതരത്തിൽ മിച്ചംഫണ്ട് ഉണ്ടാകുന്ന പഞ്ചായത്തല്ല. 2026-27 സംസ്ഥാന ബജറ്റ് പ്രകാരവും പഞ്ചായത്ത് മറ്റ് മേഖലകളിൽ നിന്ന് പ്രതീക്ഷിക്കുന്നതുമായ ഫണ്ട് ചുവടെ ചേർക്കുന്നു.

വികസന ഫണ്ട്

ക്രമ നമ്പർ	ഇനം	അലോക്കേഷൻ
1	വികസന ഫണ്ട്	25091000
2	പട്ടികജാതി വിഭാഗം	7880000
3	പട്ടികവർഗ്ഗം	0
4	ലോകബാങ്ക് വിഹിതം	0
5	14 ധനകാര്യ കമ്മീഷൻ വിഹിതം	
	ആകെ	

മെയിന്റനൻസ് ഗ്രാന്റ് വിഹിതം		
ക്രമ നമ്പർ	ഇനം	അലോക്കേഷൻ
1	റോഡ്	10158000
2	റോഡിതരം	4759000
	ആകെ	

അദ്ധ്യായം 6 2026/27 വാർഷികപദ്ധതി വിവരങ്ങൾ															
SL NO	ProjectName	PlanGen	SCP	TSP	TFC	CSS	SSS	OwnFund	GP	BP	DP	NonRoad	Road	OtherFund	Tot
1	കൃഷി സുധി -നെൽ കൃഷി വികസനം 2026-27-നെൽ കൃഷിയ്ക്ക് സഹായം	1500000	0	0	0	0	0	0	0	0	0	0	0	0	1500000
2	കൃഷി സുധി -കരിമ്പ് കൃഷി വികസനം 2026-27 -കരിമ്പ് കൃഷിയ്ക്ക് കൂലിചെലവ് സബ്സിഡി	40000	0	0	0	0	0	0	0	0	0	0	0	0	40000
3	കൃഷി സുധി - വിള ആരോഗ്യ പരിപാലന കേന്ദ്രം 2026-27 -സസ്യ സംരക്ഷണ മരുന്നുകൾ വിതരണം ചെയ്യൽ	50000	0	0	0	0	0	0	0	0	0	0	0	0	50000
4	കൃഷി ഭവന്റെ ദൈനംദിന ആകസ്മിക ചെലവുകൾക്കുള്ള തുക വകയിരുത്തൽ 2026-27	60000	0	0	0	0	0	0	0	0	0	0	0	0	60000
5	ക്ഷീര കർഷകർക്ക് പാലിന് സബ്സിടി	100000	0	0	0	0	0	0	0	25000	25000	0	0	0	150000
6	കറവ പശുക്കൾക്ക് കാലിത്തീറ്റ	300000	0	0	0	0	0	0	0	0	0	0	0	0	300000
7	പി എച് സി യ്ക്ക് മരുന്ന് വാങ്ങൽ	0	0	0	0	0	0	0	0	0	0	1000000	0	0	1000000
8	എസ് സി കുട്ടികൾക്ക് സ്കോളർഷിപ്പ്	0	650000	0	0	0	0	0	0	0	0	0	0	0	650000
9	എസ് സി വനിതകൾക്ക് വിവാഹ ധനസഹായം	0	750000	0	0	0	0	0	0	0	0	0	0	0	750000
10	വാഹനവാടക പ്രതിരോധ കുത്തിവെയ്പ് വൈദ്യപരിശോധന	40000	0	0	0	0	0	0	0	0	0	0	0	0	40000
11	പി എച് സി യിലെ ദൈനം ദിന ചിലവുകൾ	0	0	0	0	0	0	0	0	0	0	200000	0	0	200000
12	പെയിൻ ആന്റ് പാലിയേറ്റീവ് കെയർ	1200000	0	0	0	0	0	0	0	0	300000	0	0	0	1500000
13	എ ഇ ഓഫിസിലേക്ക് വാഹനം വാടയ്ക്ക് എടുക്കൽ	300000	0	0	0	0	0	0	0	0	0	0	0	0	300000
14	ആയുർവേദ ഡിസ്പെൻസറി ക്ക് മരുന്ന് വാങ്ങൽ	0	0	0	0	0	0	0	0	0	0	700000	0	0	700000
15	കിടപ്പ് രോഗികൾക്ക് ആരോഗ്യ സാന്ത്വന പരിചരണം	50000	0	0	0	0	0	0	0	0	0	0	0	0	50000
16	ആയുർവേദ ഡിസ്പെൻസറിക്ക കൺ ടിജൻസി ഫണ്ട്	0	0	0	0	0	0	0	0	0	0	100000	0	0	100000

17	ഹരിത സഹായ സ്ഥാപനം വിഹിതം നൽകൽ	130000	0	0	0	0	0	0	0	0	0	0	0	0	130000
18	അതി ദരിദ്രർക്ക് ഭക്ഷണം നൽകൽ	78000	0	0	0	0	0	0	0	0	0	0	0	0	78000
19	ആയുർവേദ ഡിസ്പെൻസറി ക്ക് സെനിടൈസർ യുപിഎസ് വാങ്ങൽ	0	0	0	0	0	0	0	0	0	0	60000	0	0	60000
20	തുണ്ടിയിൽപ്പടി കോയിപ്പുറത്ത് പടി കനാൽ റോഡ് റീ കോൺക്രീറ്റിംഗ് വാർഡ് 09	0	0	0	0	0	0	0	0	0	0	0	400000	0	400000
21	ലൈഫ് ഭവന പദ്ധതി എസ് സി	0	1000000	0	0	0	0	0	0	100000	0	0	0	4000000	5100000
22	മുതുതറ പൂവള്ളംതറ റോഡ് സംരക്ഷണ ഭിത്തി നിർമ്മാണം വാർഡ് 11	0	0	0	0	0	0	0	0	0	0	0	400000	0	400000
23	വീട് വാസയോഗ്യമാക്കൽ എസ് സി	0	3000000	0	0	0	0	0	0	0	0	0	0	0	3000000
24	കോച്ചേരിപടി വളൻപറമ്പിൽ പടി റോഡ് റീ കോൺക്രീറ്റിംഗ് വാർഡ് 10	0	0	0	0	0	0	0	0	0	0	0	400000	0	400000
25	മെൻസ്ട്രൽ കപ്പ് വിതരണം	1000000	0	0	0	0	0	0	0	0	0	0	0	0	1000000
26	പിഎംഎവൈ ഭവന പദ്ധതി പട്ടികജാതി	0	1000000	0	0	0	0	0	0	0	0	0	0	0	1000000
27	കന്നോലിപ്പടി വട്ടുള്ളിയിൽപ്പടി റോഡ് കോൺക്രീറ്റിംഗ് വാർഡ് 15	0	0	0	0	0	0	0	0	0	0	0	400000	0	400000
28	പാണ്ടിശ്ശേരി മാമ്പറമ്പിൽ റോഡ് പുനരുദ്ധാരണം രണ്ടാം ഭാഗം വാർഡ് 04	0	0	0	0	0	0	0	0	0	0	0	400000	0	400000
29	മലയിൽപടി വാഴയിൽപടി റോഡ് റീ കോൺക്രീറ്റിംഗ് വാർഡ് 7	0	0	0	0	0	0	0	0	0	0	0	400000	0	400000
30	മഠത്തിൽപടി കല്ലമല റോഡ് റീ കോൺക്രീറ്റിംഗ് വാർഡ് 3	0	0	0	0	0	0	0	0	0	0	0	400000	0	400000
31	സെൻറ് മേരീസ് പടി കിണറുകാല പടി റോഡ് പുനരുദ്ധാരണം വാർഡ് 12	0	0	0	0	0	0	0	0	0	0	0	400000	0	400000
32	എസ് എസ് എ വിഹിതം നൽകൽ	200000	0	0	0	0	0	0	0	0	0	0	0	0	200000
33	കല്ലൻകളം ഗാനം റോഡ് പുനരുദ്ധാരണം വാർഡ് 08	0	0	0	0	0	0	0	0	0	0	0	400000	0	400000
34	ഐ കെ എം വിഹിതം നൽകൽ	700000	0	0	0	0	0	0	0	0	0	0	0	0	700000
35	കൃഷി സമൃദ്ധി -കിഴങ്ങ് വർഗ്ഗ വിള കൃഷി വികസനം -ധന സഹായ പദ്ധതി 2026-27	100000	0	0	0	0	0	0	0	0	0	0	0	0	100000

36	കൃഷി സമൃദ്ധി -വാഴ കൃഷി വികസനം - ധന സഹായ പദ്ധതി 2026-27	150000	0	0	0	0	0	0	0	0	0	0	0	0	150000
37	കൃഷി സമൃദ്ധി -വീടുകൾ കേന്ദ്രീകരിച്ചുള്ള പോഷക തോട്ടം നിർമ്മാണ പദ്ധതി - 2026-27	250000	0	0	0	0	0	0	0	0	0	0	0	0	250000
38	പദ്ധതി രൂപികരണം നിർവ്വഹണം മോണിറ്ററിംഗ്	200000	0	0	0	0	0	0	0	0	0	0	0	0	200000
39	തുണ്ടിപറമ്പിൽ പനമുട്ടിൽപടി നവീകരണം വാർഡ് 13	0	0	0	0	0	0	0	0	0	0	0	400000	0	400000
40	തെങ്ങ് വിളക്ക് മെയ്റ്റനൻസ്സ്	900000	0	0	0	0	0	0	0	0	0	0	0	0	900000
41	കൃഷി സമൃദ്ധി -കർഷകർക്കും കൃഷിക്കൂട്ടങ്ങൾക്കും കുമ്മായം ഡോളോമൈറ്റ് വിതരണം 2026-27	150000	0	0	0	0	0	0	0	0	0	0	0	0	150000
42	കൃഷി സമൃദ്ധി -കർഷകർക്കും കൃഷിക്കൂട്ടങ്ങൾക്കും ജൈവ വളം വിതരണം 2026-27	150000	0	0	0	0	0	0	0	0	0	0	0	0	150000
43	ആഞ്ഞിലിക്കാട്ടിൽ ചുരവൻപടി റോഡ് റീ കോൺക്രീറ്റിംഗ് വാർഡ് 01	0	0	0	0	0	0	0	0	0	0	0	400000	0	400000
44	പേരങ്ങാട്ട് കിഴക്കേതിൽ പടി റോഡ് റീ ടാറിംഗ് വാർഡ് 02	0	0	0	0	0	0	0	0	0	0	0	400000	0	400000
45	പെരങ്ങാട്ട് കിഴക്കേതിൽ പടി റോഡ് റീ												400000		400000
46	പനച്ചുയിൽ പടി LPS പടി റോഡ് റീ കോൺക്രീറ്റിംഗ് വാർഡ് 5												400000		400000
47	കണ്ടത്തിൽ പടി മുക്കാഞ്ഞിരത്ത് കടവ് റോഡ് പുനരുദ്ധാരണം വാർഡ് 14												400000		400000
48	ആഞ്ഞിലിക്കാട്ടിൽ ചുരവൻപടി റോഡ് റീ കോൺക്രീറ്റിംഗ് വാർഡ് 01												400000		400000
49	മെറ്റിനറി ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ	300000													300000
50	മുട്ടക്കോഴി വളർത്തൽ	360000													360000
51	അംഗനവാടികൾക്ക് അനുപൂരകപോഷകാഹാരം	1000000													1000000
52	ഭിന്നശേഷി കുട്ടികൾക്ക് സ്കോളർഷിപ്പ്	500000													500000
53	ഭിന്നശേഷിക്കാർക്ക് സഹായ ഉപകരണങ്ങൾ	300000													300000
54	വീട് മെയിന്റനൻസ് ജനറൽ	1500000													1500000
55	വളർത്തു നായകൾക്ക് പ്രതിരോധ കുത്തിവെയ്പ്	150000													150000

അദ്ധ്യായം 7

പ്രത്യേക പദ്ധതികൾ/പരിപാടികൾ

പട്ടികജാതി ഉപപദ്ധതി

പട്ടികജാതി ഉപപദ്ധതിക്കായി മാത്രം സംസ്ഥാന ബജറ്റ് വിഹിതമായി വികസന ഫണ്ടിനത്തി 6470000 രൂപ ലഭിച്ചിട്ടുണ്ട്. കുറ്റൂർ ഗ്രാമ പഞ്ചായത്തിൽ 2011 സെൻസസ് പ്രകാരം 2787 ആണ് പട്ടികജാതി വിഭാഗത്തിലെ ജനസംഖ്യ. ടി വിഭാഗത്തിന് മാത്രമായി പഞ്ചായത്ത് പ്രത്യേക പദ്ധതി 2026-27വർഷം തയ്യാറാക്കുന്നുണ്ട്.

പട്ടികവർഗ്ഗ ഉപപദ്ധതി

2011 സെൻസസ് പ്രകാരം ആകെ 2 കുടുംബങ്ങൾ മാത്രമാണ് പട്ടികവർഗ്ഗ വിഭാഗത്തിൽ കുറ്റൂർ ഗ്രാമപഞ്ചായത്തിൽ ഉള്ളത്.സംസ്ഥാന ബജറ്റ് വിഹിതമായി ഇത്തവണ തുക അനുവദിച്ചിട്ടില്ല. കുറ്റൂർ ഗ്രാമപഞ്ചായത്തിൽ പ്രത്യേക ആദിവാസി ഊരുകളോ സെറ്റിൽമെന്റുകളോ നിലവിലില്ല.

വനിതഘടക പദ്ധതി

പദ്ധതി ആസൂത്രണ മാർഗ്ഗരേഖ പ്രകാരം വികസനത്തിന്റെ (ജനറൽ, SCP,TSP ഫണ്ടിന്റെ)10% വനിതവികസന പദ്ധതികൾക്കായി നിർബന്ധമായും മാറ്റി വെയ്ക്കണം എന്ന് നിഷ്കർഷിക്കുന്നു.അതനുസരിച്ച് കുറ്റൂർ ഗ്രാമപഞ്ചായത്തിൽ ഏറ്റവും കുറഞ്ഞത് 2700000/- രൂപയുടെ പദ്ധതി വനിതഘടക പദ്ധതിയിൽ നിർബന്ധമായും ഉണ്ടാകണം.

സാമൂഹ്യ സുരക്ഷ പദ്ധതി

വയോജനങ്ങൾക്കും കുട്ടികൾക്കും ഭിന്ന ശേഷിക്കാർക്കുമായി പ്രത്യേക പദ്ധതികൾ നടപ്പിലാക്കുന്നതാണ്.കുട്ടികൾക്കും ഭിന്നശേഷിക്കാർക്കുമായി വികസന ഫണ്ടിന്റെ 5 ശതമാനം തുകയും വയോജനങ്ങളുടെയും പാലിയേററീവ് കെയർ പദ്ധതിക്കുമായി വികസന ഫണ്ടിന്റെ 5 ശതമാനം തുകയും നീക്കി വയ്ക്കേണ്ടതാണ്.

ആസ്തി സംരക്ഷണ ഉപ പദ്ധതി

പഞ്ചായത്തിലെ വിവിധ ആസ്തി സംരക്ഷണത്തിനായി മെയിന്റനൻസ് ഫണ്ട് റോഡ് ഇതരഫണ്ട് ഇനത്ത 4759000/ രൂപ സംസ്ഥാന ബജറ്റ് വിഹിതമായി ലഭിക്കും ടിതുക ഉപയോഗിച്ച് പഞ്ചായത്തിന്റെ ഘടകസ്ഥാപനങ്ങളുടെ ആധുനീക വൽക്കരണത്തിനുള്ള പദ്ധതികൾ തയ്യാറാക്കുന്നതിനാണ് ശ്രമിച്ചിട്ടുള്ളത്. പ്രധാനമായും നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ചുവടെ മെയിന്റനൻസ്ഫണ്ട്(റോഡ്) ഉപയോഗിച്ച് പഞ്ചായത്തിലെ വിവിധ റോഡുകൾ അറ്റകുറ്റപ്പണി നടത്തുന്നതിനു തീരുമാനിച്ചിട്ടുണ്ട്.